**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4242** — **18-07-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വനിതാ സംരംഭക പ്രോത്സാഹന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വനിതാ സംരംഭകർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; | (എ) | വനിതാ സംരംഭകർക്ക് മുൻഗണന നൽകികൊണ്ട് വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സംരംഭക സഹായ പദ്ധതി<br><br>കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിയിൽ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം, NRK എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിച്ചു.<br><br>നാനോ ഗാർഹിക സംരംഭകർക്കുളള പലിശ സബ്സിഡി പദ്ധതി<br><br>പദ്ധതിപ്രകാരം സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു.<br><br>ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്.<br><br>വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.<br><br>എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സു വരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും.<br><br><u>ഒരു കുടുംബം ഒരു സംരംഭം പദ്ധതി</u><br><br>2022-23 വർഷത്തിൽ സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുള്ള സംരംഭകത്വ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള 'ഒരു കുടുംബം ഒരു സംരംഭം' ഉപപദ്ധതിയിൽ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.<br>വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. ഈ പദ്ധതിപ്രകാരം യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഉത്പാദന, സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിധ്യവൽക്കരണത്തിനോവേണ്ടി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.<br><br>കൂടാതെ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണ നൽകുന്നതും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള സാഹചര്യമൊരുക്കുന്നതും "വി മിഷൻ" പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.<br><br>വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ വനിതകൾക്ക് പ്രത്യേക പ്രോത്സാഹനമായി 5% അധിക സബ്സിഡി നൽകിവരുന്നുണ്ട്. ഇതിൻപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട 3 വനിതാ യൂണിറ്റുകൾക്ക് 10,42,924/- രൂപ സബ്സിഡി ആയി അനുവദിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-17 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വനിതാ സംരംഭകർക്ക് മുൻഗണന നൽകികൊണ്ട് വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br><u>സംരംഭക സഹായ പദ്ധതി</u><br><br>കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിയിൽ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം, NRK |

എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിച്ചു.

<u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u>

പദ്ധതിപ്രകാരം സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു.

<u>ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്</u>

വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.

എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സ വരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും.

<u>ഒരു കുടുംബം ഒരു സംരംഭം പദ്ധതി</u>

2022-23 വർഷത്തിൽ സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുള്ള സംരംഭകത്വ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിചിട്ടുള്ള 'ഒരു കുടുംബം ഒരു സംരംഭം' ഉപപദ്ധതിയിൽ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.
വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. ഈ പദ്ധതിപ്രകാരം യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഉത്പാദന, സേവന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിധ്യവൽക്കരണത്തിനോവേണ്ടി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

| | | | |
|---|---|---|---|
| | | | കൂടാതെ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണ നൽകുന്നതും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള സാഹചര്യമൊരുക്കുന്നതും "വി മിഷൻ" പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.<br><br>വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ വനിതകൾക്ക് പ്രത്യേക പ്രോത്സാഹനമായി 5% അധിക സബ്സിഡി നൽകിവരുന്നുണ്ട്. ഇതിൻപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട 3 വനിതാ യൂണിറ്റുകൾക്ക് 10,42,924/- രൂപ സബ്സിഡി ആയി അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ